ശ്രീ. ടി. എ. മജീദ് : ഇതേപ്പറ്റി ആലോചിക്കാതെ ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. തോമസ് ജോൺ : കുന്നാട്ടിൽ കൊവാട്ട എന്ന രോഗം ബാധിച്ച് ഈ കൊല്ലത്തെ കുരു മുഴുവൻ നശിച്ചുപോയി എന്നുള്ളതിനെ പരിഗണിച്ച് വേണ്ട നടപടികളും തീർക്കാനും നിവൃത്തിവരുത്താൻ തിനവേണ്ട നടപടികളും എടുക്കുമോ ?

ശ്രീ. ടി. എ. മജീദ് : വേണ്ട നടപടികളും തീർക്കാനും നിവൃത്തിവരുത്താൻ നിവൃത്തിയില്ല.

## Cashew Afforestation Scheme.

* 797 [15] ശ്രീ. പി. കരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു ചെയ്ത് മറുപടി നൽകുമോ:

(എ) കേരളത്തിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ Cashew Afforestation Scheme അനുസരിച്ച് എത്ര ഏക്കർ സ്ഥലത്ത് കശുമാവുകൃഷി ചെയ്തിട്ടുണ്ട്;

(ബി) ഇതിലേക്ക് ഇതുവരെയായി എത്ര രൂപ ചെലവായി;

(സി) ഇതിൽനിന്നും ഇതുവരെയായി എത്ര രൂപ ഗവണ്മെന്റിന് ആദായം കിട്ടി;

(ഡി) കൃഷിചെയ്ത സ്ഥലങ്ങളിലെല്ലാം ഇപ്പോഴും കശുമാവുണ്ടോ;

(ഈ) ഇല്ലെങ്കിൽ എത്ര ഏക്കർ സ്ഥലത്ത് കൃഷി നശിച്ചുപോയിട്ടുണ്ട്; അതിനുള്ള കാരണങ്ങൾ ഏവ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 10,572ഏക്കർ സ്ഥലത്ത് കശുമാവു കൃഷി ചെയ്തിട്ടുണ്ട്.

(ബി) 8,65,359 രൂപ ചെലവായി.

(സി) 6,757 രൂപാ ആദായം ലഭിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഈ) അങ്ങിങ്ങായി പല സ്ഥലങ്ങളിലും കശുമാവു് കൃഷി നശിച്ചുപോയിട്ടുണ്ട്. ആ സ്ഥലങ്ങളെ സർവേ ചെയ്തിട്ടില്ലാത്തതിനാൽ കൃത്യമായി എത്ര ഏക്കർ സ്ഥലത്തെ കൃഷി നശിച്ചുപോയിട്ടുണ്ടെന്നു് പറയാൻ നിവൃത്തിയില്ല. ഉദ്ദേശം 786 ഏക്കർ സ്ഥലത്തെ കശുമാവു കൃഷി നശിച്ചുപോയിട്ടുണ്ടെന്നു പറയാം. അതിനുള്ള കാരണങ്ങൾ.

1 കള വളർന്നു് കശുമാവിന്റെ ചെടികളെ നശിപ്പിച്ചു.

2 മൃഗങ്ങളുടെ ഉപദ്രവം.

3 കശുമാവു വെട്ടിമാറ്റി റബ്ബർപ്ലാന്റേഷനുവേണ്ടി ഉപയോഗിച്ചു എന്നിവയാണു് പ്രധാനമായിട്ടുള്ളവ.

ശ്രീ. കെ. എം. ജോർജ്: പറമ്പിക്കുളം മാതൃകയും കോഴിക്കോട്ട് ചില മാതൃകയും വളരെ വിസ്തൃതമായ എടിയായിൽ തീപിടിത്തം ഉണ്ടായതായും വളരെയധികം മരങ്ങൾ നശിപ്പിച്ചതായും പത്രങ്ങളിൽ വാർത്ത വരികയുണ്ടായി. അതിൽ ഈ കശുമാവുകൂടി ഉൾപ്പെട്ടുമോ?

ശ്രീ. എ . പി. ഗോവിന്ദൻ നായർ: കശുമാവുകൂടി ഉൾപ്പെടുത്തുവാൻ വേണ്ടി ചോദിച്ചതാണെന്നു തോന്നുന്നു. ആ കാര്യത്തെപ്പറ്റി അന്വേഷിച്ചതിൽ ഒന്നു കശുമാവു തോട്ടം പോലും നശിച്ചതായി അറിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ: ഈ കശുമാവിൻ തോട്ടങ്ങളിൽ നിന്നു എന്തെങ്കിലും ഫലം കിട്ടിത്തുടങ്ങിയോ; കിട്ടിത്തുടങ്ങിയെങ്കിൽ എത്ര ഏക്കർ സ്ഥലത്തുനിന്നും കിട്ടുകയുണ്ടായി?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഈ പ്ലാനിന്റെ പ്രവൃത്തി 1956 ലാണ് ആരംഭിച്ചത്. നന്നായി ഫലം കിട്ടിത്തുടങ്ങണമെങ്കിൽ കുറഞ്ഞതു പത്തുവർഷമെങ്കിലും കഴിയണം. എന്നാൽ ചില സ്ഥലത്തുനിന്നും ആദായം കിട്ടിത്തുടങ്ങിയിട്ടുണ്ട്. അതാണ് 6,757 രൂപ ഇതുവരെയായി ആദായം കിട്ടി എന്നു പറഞ്ഞത്.

ശ്രീ. കാ. കോരൻ: കണ്ണൂർ ഡിസ്ട്രിക്ടിൽ കാസർകോട് താലൂക്കിൽ എത്ര ഏക്കർ സ്ഥലമാണ് കശുമാവു കൃഷിക്കായി വച്ചിരുന്നതു; അതിൽ എത്ര ഏക്കർ സ്ഥലം കൃഷി ചെയ്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: എല്ലാംകൂടി 15,572 ഏക്കർ സ്ഥലമാണ് കശുമാവു കൃഷിക്കുവേണ്ടി വച്ചിട്ടുള്ളതു. അതു ഏതെല്ലാം സ്ഥലത്തായി എത്രയേക്കർവീതം ആണെന്നുള്ളതിന്റെ വിശദമായ കണക്കുകൾ എന്റെ കൈവശം ഇപ്പോൾ ഇല്ല.

## ആയുർവ്വേദ ആശുപത്രികളും ഡിസ്പെൻസറികളും

* 798. [16] ശ്രീ. പി. എസ്. കാത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ആകെ എത്ര ആയുർവ്വേദാശുപത്രികളും എത്ര ആയുർവ്വേദ ഡിസ്പെൻസറികളും ഉണ്ട്;

(ബി) ഒരു പഞ്ചായത്തിനു ഒരു ആയുർവേദ ഡിസ്പെൻസറി എന്ന കണക്കിനു ആയുർവ്വേദ ഡിസ്പെൻസറികൾ സ്ഥാപിച്ചു നടത്തുവാൻ ഗവണ്മെന്റിനു വല്ല പരിപാടിയും ഉണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) സംസ്ഥാനത്തു ആകെ 40 ഗവണ്മെന്റു ആയുർവ്വേദ ആശുപത്രികളും 204 ആയുർവ്വേദ ഡിസ്പെൻസറികളും ഉണ്ട്.

(ബി) പഞ്ചവത്സരപദ്ധതികൾവഴി ഈ പരിപാടി നടപ്പിൽ വരുത്താമെന്നാണ് ഗവണ്മെന്റു ഉദ്ദേശിക്കുന്നതു.

ശ്രീ. ഇ. പി. ഗോപാലൻ: മലബാർ ഡിസ്ട്രിക്റ്റു ബോർഡു നടത്തിക്കൊണ്ടിരുന്ന ആയുർവ്വേദിക്കു റൂറൽ ഡിസ്പെൻസറി ഇപ്പോൾ നടത്തുന്നതു ആരാണ്; ഇതിന്റെ ചിലവു നിറവേറുന്നതു ഏതുവിഭാഗത്തിൽ നിന്നുമാണ്; ഈ ഡിസ്പെൻസറിയെ ഗവണ്മെന്റു ഡിസ്പെൻസറിയാക്കണമെന്നു വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഈ പറഞ്ഞ 204 ഡിസ്പെൻസറികളുടെ കൂട്ടത്തിൽ ഈ ഇനത്തിൽപെട്ട ചില ഡിസ്പെൻസറികളും ഉൾപ്പെട്ടിരുന്നുണ്ട്.

ശ്രീമതി കുസുമം: പല അലോപ്പതി ആശുപത്രികളെ അപേക്ഷിച്ചു ചെലവു ചുരുങ്ങിയതും ജനങ്ങൾക്കു ഉപകാരപ്രദവുമായ ആയുർവ്വേദ ആശുപത്രികളും ഡിസ്പെൻസറികളും കൂടുതൽ സ്ഥാപിക്കുവാൻ വേണ്ട നടപടികളും സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly